മോൾഡർ തസ്തിക

155(866)ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലായി മോൾഡർ തസ്തികളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് നൽകുമോ;

(ബി) മോൾഡർ തസ്തികയ്ക്കുവേണ്ടി പി.എസ്.സി. ടെസ്റ്റ് നടത്തിയിട്ടുണ്ടോ; പ്രസ്തുത തസ്തികയിലെ ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) മോൾഡർ എന്ന ഒരു തസ്തിക സംസ്ഥാനത്തെ മെഡിക്കൽകോളേജുകളിൽ ഇല്ല. എന്നാൽ മോൾഡർ എന്ന തസ്തിക മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. അതിൽ ഇപ്പോൾ ഒഴിവുകൾ ഇല്ല. ഈ തസ്തികയിലേക്ക് പി.എസ്.സി. ടെസ്റ്റ് നടത്തിയിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റിൽ നിന്നും 3 പേരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ അഡ്വൈസ് പ്രകാരമാണ് നിയമനങ്ങൾ നടത്തിയത്.

പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ

156 (867)ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ റീജിയണൽ ലാബുകളും ജില്ലാ ലാബുകളും സ്ഥാപിച്ചത് ഏത് വർഷത്തിലാണ്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിലാണ് റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ റീജിയണൽ ലാബിലും ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഇവ ഓരോന്നും ഏതു ശമ്പള സ്കെയിലിലുള്ളതാണ്;

(ഡി) 7.3.1968-ലെ ജി.ഒ(എം.എസ്) 104/68/എച്ച്.എൽ.ഡി പ്രകാരം എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ അനുവദിച്ചു കെമിസ്റ്റ് ഗ്രേഡ്-1 തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യത അനുസരിച്ചാണോ നിയമനം നടത്തിയിട്ടുള്ളത്;

(ഇ) ഇതിൽ എറണാകുളം റീജിയണൽ ലാബിലേക്ക് അനുവദിച്ച കെമിസ്റ്റ് ഗ്രേഡ്-1 തസ്തിക പിന്നീട് തിരുവനന്തപുരം പി.എച്ച്. ലാബിലേക്ക് മാറ്റിയിട്ടുണ്ടോ;

(എഫ്) കെമിസ്റ്റ് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രമോഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും ജീവനക്കാർ നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം †

(എ) എറണാകുളം റീജിയണൽ ലാബ് 1962-ലും കോഴിക്കോട് റീജിയണൽ ലാബ് 1972-ലുമാണ് സ്ഥാപിച്ചത്. ജില്ലാ ലാബുകളെ സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്.

(സി) 7200-11400 രൂപ ശമ്പള സ്കെയിലുള്ള സീനിയർ മെഡിക്കൽ ഓഫീസർ തസ്തിക, എറണാകുളം -1, കോഴിക്കോട്-1. 6675-10500 രൂപ ശമ്പള സ്കെയിലിലുള്ള സയന്റിഫിക് ഓഫീസർ തസ്തിക എറണാകുളം-ഇല്ല, കോഴിക്കോട്-1. 6500-10500 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക-എറണാകുളം-ഇല്ല, കോഴിക്കോട് -3, 4000-6090 രൂപ ശമ്പള സ്കെയിലുള്ള ക്ലാർക്ക് തസ്തിക-എറണാകുളം-1, കോഴിക്കോട്-1. 3050-5230 രൂപ ശമ്പള സ്കെയിലുള്ള ടൈപ്പിസ്റ്റ് തസ്തിക-എറണാകുളം-1, കോഴിക്കോട്-1. 4000-6090 രൂപ ശമ്പള സ്കെയിലുള്ള ലബോറട്ടറി ടെക്നിഷ്യൻ തസ്തിക-എറണാകുളം-6, കോഴിക്കോട്-6. 2650-4150 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തിക-എറണാകുളം-2, കോഴിക്കോട്-4. 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള ശിപായി തസ്തിക-എറണാകുളം-1, കോഴിക്കോട് - ഇല്ല. 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള അറ്റൻഡർ തസ്തിക-എറണാകുളം-2. കോഴിക്കോട്-2.

(ഡി) അതെ.

(ഇ) എറണാകുളം റീജിയണൽ ലാബിൽ കെമിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) നിവേദനം പരിശോധിച്ച് വരുന്നു.

പബ്ലിക് ഹെൽത്ത് ലാബോറട്ടറിയുടെ റീജിയണൽ ലാബുകളും ജില്ലാ ലാബുകളും

157(868)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് ലാബോറട്ടറിയുടെ റീജിയണൽ ലാബുകളും ജില്ലാ ലാബുകളും എന്നാണ് നിലവിൽ വന്നത്; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്;

(സി) ഓരോ റിജിയണൽ ലാബിനും ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും ശമ്പള സ്കെയിൽ ഏതാണെന്നും വെളിപ്പെടുത്തുമോ;

---

† തിരുത്തിയ ഉത്തരം 28.02.2000-ലെ നിയമസഭാനടപടികളിൽ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly